മാതൃഭൂമി
09 June 2026

# മത്സ്യമേഖലയിൽ നോളജ് ക്ലസ്റ്റർ പരിഗണനയിൽ - മന്ത്രി വി.ഇ. അബ്ദുൽ ഗഫൂർ



സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ലോക സമുദ്രദിനാചരണം ഫിഷറീസ് മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്യുന്നു

## സി.എം.എഫ്.ആർ.ഐ.യിൽ ലോക സമുദ്രദിനാചരണം

**കൊച്ചി▸** മത്സ്യമേഖലയിലെ ഗവേഷണഫലങ്ങളും സാങ്കേതികവിദ്യകളും പങ്കുവെയ്ക്കുന്നതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളെയും ഏജൻസികളെയും കോർത്തിണക്കി നോളജ് ക്ലസ്റ്റർ സർക്കാരിന്റെ പരിഗണനയിലെന്ന് ഫിഷറീസ് മന്ത്രി വി.ഇ. അബ്ദുൽ ഗഫൂർ. കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ.) ലോക സമുദ്രദിനാചരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ മത്സ്യബന്ധന മേഖലയിലെ വെല്ലുവിളികൾ നേരിടാൻ ഈ കൂട്ടായ്മ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. സുസ്ഥിരമായ മത്സ്യബന്ധന മാനേജ്മെന്റിനായി സംയുക്ത ഗവേഷണങ്ങൾക്കും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്കും നോളജ് ക്ലസ്റ്റർ വഴി തെളിക്കും. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലായിരിക്കും ഏകോപനം.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. സി.എം.എഫ്.ആർ.ഐ.യുടെ ഏറ്റവും പുതിയ പ്രസിദ്ധീകരണങ്ങൾ മന്ത്രി പ്രകാശനം ചെയ്തു. ഡോ. ശോഭ ജോ കിഴക്കൂടൻ പ്രസംഗിച്ചു.